## 15 -ാം കേരള നിയമസഭ

## 9 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 181** **14-09-2023 - ൽ മറുപടിയ്ക്ക്**

## മൾട്ടി സ്റ്റേറ്റ് സഹകരണ നിയമ ഭേദഗതിയും സംസ്ഥാനത്തിന്റെ പ്രതിരോധ നടപടികളും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി സി. കെ. ആശ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | 97-ാം ഭരണഘടനാ ഭേദഗതിയുമായി ബന്ധപ്പെട്ട ഭരണഘടന ബഞ്ചിന്റെ സുപ്രധാന വിധിയിൽ സഹകരണ മേഖല സംസ്ഥാന വിഷയമാണെന്ന് അസന്നിഗ്ദ്ധമായി ചൂണ്ടിക്കാട്ടിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. 2012ലെ 97-ാം ഭരണഘടന ഭേദഗതിയിലൂടെ ഒൻപത് ബി (IXB) എന്ന ഒരു വ്യവസ്ഥ ഭരണഘടനയിൽ ഉൾപ്പെടുത്തുകയുണ്ടായി. ആർട്ടിക്കിൾ 243 ZH മുതൽ 243 ZT വരെയുള്ള വ്യവസ്ഥകൾ സഹകരണ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനായി പ്രസ്തുത ഭരണഘടന ഭേദഗതിയിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ബഹു. സുപ്രീംകോടതി ഈ വിഷയം പരിശോധിക്കുകയും 20.07.2021 ലെ വിധിയിലൂടെ 97-ാം ഭരണഘടന ഭേദഗതിയിലെ ടി വ്യവസ്ഥകൾ റദ്ദാക്കുകയും ചെയ്തു. ഭരണഘടനയുടെ 7-ാം ഷെഡ്യൂളിലെ സ്റ്റേറ്റ് ലിസ്റ്റിൽ (ലിസ്റ്റ്-II) 32-ാം എൻട്രിയായി ഉൾപ്പെടുത്തിയിട്ടുള്ള 'സഹകരണം' എന്ന വിഷയത്തിൽ നിയമനിർമ്മാണം നടത്തുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിനാകുന്നു. സംസ്ഥാന വിഷയമായ "സഹകരണം" സംബന്ധിച്ച് ഭേദഗതി വരുത്തുന്നതിന് ഭരണഘടനയുടെ ആർട്ടിക്കിൾ 368(2) പ്രകാരം ഭൂരിപക്ഷം സംസ്ഥാനങ്ങളുടെയും അംഗീകാരം ആവശ്യമാണ് എന്നും ആയതിനാൽ ഭരണഘടനാ വ്യവസ്ഥകൾക്ക് വിരുദ്ധമായി അംഗീകരിച്ച 97-ാം ഭരണഘടനാ ഭേദഗതി ബഹു. സുപ്രീംകോടതി റദ്ദാക്കുകയുണ്ടായി. എന്നാൽ IX B – യിൽ ഭരണഘടനാ ഭേദഗതിയിലൂടെ ഉൾപ്പെടുത്തിയ വ്യവസ്ഥകൾ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾക്ക് ബാധകമാണെന്ന് കോടതി ഉത്തരവായിരുന്നു. |
| (ബി) | എങ്കിൽ സഹകരണ മേഖല സംസ്ഥാന വിഷയമാണെന്ന വിധി മറികടക്കാനാണ് മൾട്ടി സ്റ്റേറ്റ് സഹകരണ നിയമ ഭേദഗതിയുമായി കേന്ദ്ര സർക്കാർ മുന്നോട്ടുവരുന്നതെന്ന് കരുതുന്നുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | സഹകരണം ഒരു സംസ്ഥാന വിഷയമാണ് എന്ന് ബഹു. സുപ്രീംകോടതി നിരീക്ഷിച്ച സാഹചര്യത്തിൽ കേന്ദ്ര നിയമപ്രകാരം രൂപീകരിച്ചിട്ടുള്ള മൾട്ടി സ്റ്റേറ്റ് സഹകരണസംഘങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്തി സംസ്ഥാനത്തെ സഹകരണ |

| | | | |
|---|---|---|---|
| | | | മേഖലയ്ക്ക് വെല്ലുവിളി ഉയർത്തുന്നതിനാണ് പുതിയ നിയമഭേദഗതിയിലൂടെ ലക്ഷ്യമിടുന്നത്. കൂടാതെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സംഘങ്ങളെ നിലവിൽ പ്രവർത്തിക്കുന്ന മൾട്ടി സ്റ്റേറ്റ് സഹകരണ സംഘത്തിൽ ലയിപ്പിക്കുന്നതിന് പുതിയ നിയമഭേദഗതി വ്യവസ്ഥ ചെയ്യുന്നു. കൂടാതെ നിലവിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഒരു സംഘത്തിനെ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘമാക്കി മാറ്റുന്നതിനുള്ള വ്യവസ്ഥകൾ ഭേദഗതി ചെയ്തിട്ടുണ്ട്. Multi State Co-operative Societies (Amendment) നിയമത്തിലെ ആറാം ഖണ്ഡിക പ്രകാരമുള്ള ഭേദഗതിയിലൂടെ വകുപ്പ് 17 Amalgamation or Transfer of assets and liabilities, or division of multi-state co-operative societies എന്നതിൽ ഉപവകുപ്പ് (10) കൂട്ടിച്ചേർത്തുകൊണ്ട് ഏത് സംസ്ഥാന സഹകരണ നിയമപ്രകാരവും പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളിലെ പൊതുയോഗത്തിൽ പങ്കെടുത്ത് വോട്ട് ചെയ്ത മൂന്നിൽ രണ്ട് ഭൂരിപക്ഷം അംഗങ്ങളുടെ തീരുമാനപ്രകാരം നിലവിൽ സംസ്ഥാന നിയമപ്രകാരം പ്രവർത്തിക്കുന്ന ഒരു സംഘത്തെ ഒരു മൾട്ടി സ്റ്റേറ്റ് സഹകരണ സംഘത്തിലേക്ക് കൂട്ടിച്ചേർക്കുന്നതിന് (Merger) വ്യവസ്ഥ ചെയ്തിരിക്കുന്നു. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (Amendment) ആക്ടിൽ സെക്ഷൻ 22- ൽ വരുത്തിയ ഭേദഗതിയിലൂടെ നിലവിലെ സംഘങ്ങളെ മൾട്ടി സ്റ്റേറ്റ് സംഘങ്ങളാക്കി മാറ്റുന്നതിനുള്ള വ്യവസ്ഥ ഭേദഗതി ചെയ്യുന്നതിന് നിർദ്ദേശിച്ചിരുന്നു. കൂടാതെ സഹകരണ മേഖലയ്ക്ക് സമാന്തരമായി മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് വഴിയൊരുക്കുന്ന വ്യവസ്ഥകൾ പുതിയ ഭേദഗതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത ഭേദഗതിയിലൂടെ ഫെഡറൽ സംവിധാനത്തെ മറികടക്കാനും ഭരണഘടന പ്രകാരം സംസ്ഥാനങ്ങൾക്ക് ലഭിച്ചിട്ടുള്ള സ്വാതന്ത്ര്യം കവർന്നെടുക്കാനുമുള്ള ശ്രമമാണ് കേന്ദ്രം നടത്തുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | സഹകരണം ഒരു സംസ്ഥാന വിഷയമാണ് എന്ന് ബഹു. സുപ്രീംകോടതി നിരീക്ഷിച്ച സാഹചര്യത്തിൽ കേന്ദ്ര നിയമപ്രകാരം രൂപീകരിച്ചിട്ടുള്ള മൾട്ടി സ്റ്റേറ്റ് സഹകരണസംഘങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്തി സംസ്ഥാനത്തെ സഹകരണ മേഖലയ്ക്ക് വെല്ലുവിളി ഉയർത്തുന്നതിനാണ് പുതിയ നിയമഭേദഗതിയിലൂടെ ലക്ഷ്യമിടുന്നത്. കൂടാതെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സംഘങ്ങളെ നിലവിൽ പ്രവർത്തിക്കുന്ന മൾട്ടി സ്റ്റേറ്റ് സഹകരണ സംഘത്തിൽ ലയിപ്പിക്കുന്നതിന് പുതിയ നിയമഭേദഗതി വ്യവസ്ഥ ചെയ്യുന്നു. കൂടാതെ നിലവിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഒരു സംഘത്തിനെ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘമാക്കി മാറ്റുന്നതിനുള്ള വ്യവസ്ഥകൾ ഭേദഗതി ചെയ്തിട്ടുണ്ട്. Multi State Co-operative Societies (Amendment) നിയമത്തിലെ |

| | | | |
|---|---|---|---|
| | | | ആറാം ഖണ്ഡിക പ്രകാരമുള്ള ഭേദഗതിയിലൂടെ വകുപ്പ് 17 Amalgamation or Transfer of assets and liabilities, or division of multi-state co-operative societies എന്നതിൽ ഉപവകുപ്പ് (10) കൂട്ടിച്ചേർത്തുകൊണ്ട് ഏത് സംസ്ഥാന സഹകരണ നിയമപ്രകാരവും പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളിലെ പൊതുയോഗത്തിൽ പങ്കെടുത്ത് വോട്ട് ചെയ്ത മൂന്നിൽ രണ്ട് ഭൂരിപക്ഷം അംഗങ്ങളുടെ തീരുമാനപ്രകാരം നിലവിൽ സംസ്ഥാന നിയമപ്രകാരം പ്രവർത്തിക്കുന്ന ഒരു സംഘത്തെ ഒരു മൾട്ടി സ്റ്റേറ്റ് സഹകരണ സംഘത്തിലേക്ക് കൂട്ടിച്ചേർക്കുന്നതിന് (Merger) വ്യവസ്ഥ ചെയ്തിരിക്കുന്നു. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (Amendment) ആക്റ്റിൽ സെക്ഷൻ 22- ൽ വരുത്തിയ ഭേദഗതിയിലൂടെ നിലവിലെ സംഘങ്ങളെ മൾട്ടി സ്റ്റേറ്റ് സംഘങ്ങളാക്കി മാറ്റുന്നതിനുള്ള വ്യവസ്ഥ ഭേദഗതി ചെയ്യുന്നതിന് നിർദ്ദേശിച്ചിരുന്നു. കൂടാതെ സഹകരണ മേഖലയ്ക്ക് സമാന്തരമായി മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് വഴിയൊരുക്കുന്ന വ്യവസ്ഥകൾ പുതിയ ഭേദഗതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | സഹകരണ മേഖലയുടെ വിശ്വാസ്യത നഷ്ടപ്പെടുത്തുന്ന പ്രസ്തുത നീക്കങ്ങൾക്കെതിരെ സംസ്ഥാനം സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | കേന്ദ്ര സർക്കാർ ബാങ്കിംഗ് റഗുലേഷൻ നിയമത്തിൽ വരുത്തിയ ഭേദഗതികൾ പലതും സംസ്ഥാന സഹകരണ നിയമത്തിലെ വ്യവസ്ഥകൾക്കെതിരായിരുന്നു. ഇതിനെതിരെ സംസ്ഥാന സർക്കാർ ഭരണഘടനയുടെ ആർട്ടിക്കിൾ 131 – ലെ വ്യവസ്ഥകൾ പ്രകാരം ഒരു കേസ് ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. |
| (ഇ) | ഇതിനെതിരെ മറ്റ് സംസ്ഥാനങ്ങളുടെ പിന്തുണയോടെ യോജിച്ച പ്രതിരോധം തീർക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) | കേന്ദ്ര സർക്കാർ ബാങ്കിംഗ് റഗുലേഷൻ നിയമത്തിൽ വരുത്തിയ ഭേദഗതികൾ പലതും സംസ്ഥാന സഹകരണ നിയമത്തിലെ വ്യവസ്ഥകൾക്കെതിരായിരുന്നു. ഇതിനെതിരെ സംസ്ഥാന സർക്കാർ ഭരണഘടനയുടെ ആർട്ടിക്കിൾ 131 – ലെ വ്യവസ്ഥകൾ പ്രകാരം ഒരു കേസ് ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ